പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3133

11.12.2014ൽ മറുപടിയ്ക്ക്

## കയർമേഖലയെ ശക്തിപ്പെടുത്താൻ കർമ്മ പദ്ധതികൾ

| ചോദ്യം<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) കയർമേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) കയർ മേഖലയെ ശക്തിപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച ചില പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു.<br><br>1. പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ചു.<br><br>2. അർഹമായ ഏതാണ്ട് എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-2012, 2012-2013, 2013-2014 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406/-, 8,96,92,648/-, 1,45,25,260/- രൂപയും, നടപ്പുവർഷം 8,84,250/- രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു.<br><br>3. കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300/- രൂപയായും, ഉൽപ്പന്ന മേഖലയിലെ കുറഞ്ഞകൂലി 360/- രൂപയായും വർദ്ധിപ്പിച്ചു.<br><br>4. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.<br><br>5. കയർപിരി, തൊണ്ട്സംഭരണം എന്നിവ ശക്തമാക്കുവാൻ കയർപിരി സംഘങ്ങൾക്ക് 1,00,000/- രൂപ വരെ |

റിവോൾവിംഗ് ഫണ്ട് നൽകിയും പച്ചത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽ നിന്നും 10 പൈസയായി വർദ്ധിപ്പിച്ചും, തൊണ്ട് സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിന ബത്ത 100/- രൂപയിൽ നിന്നും 150/- രൂപയായി വർദ്ധിപ്പിച്ചും തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

6. കയർപിരി കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-2012 ൽ 1,27,50,175/- രൂപയും, 2012-2013 ൽ 2,07,59,149/- രൂപയും, 2013-2014 ൽ 11,20,75,971/- രൂപയും, നടപ്പുവർഷം ഇതുവരെ 5,30,88,482/- രൂപയും അനുവദിച്ചു.
7. കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും ആഭ്യന്തര-വിദേശ വിപണി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കയർ കേരള അന്താരാഷ്ട്ര പ്രദർശനമേള 2012, 2013, 2014 എന്നീ വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു.
8. ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.
9. കയർ സഹകരണ സംഘങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിനായി കയർഫെഡിന് 2013-2014 ൽ 4,86,20,000/- രൂപ അനുവദിച്ചു.
10. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000/- രൂപയുടെ ഒരു പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകി.
11. കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2012-2013 വർഷം 18,39,60,000/- രൂപയും, 2013-2014 വർഷം 4,62,37,000/- രൂപയും 2014-15 വർഷം 2,00,00,000/- രൂപയും അനുവദിച്ചു.

| | |
|---|---|
| (ബി) ഇക്കാലയളവിൽ കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഇക്കാലയളവിൽ കയർ മേഖലയിലുള്ള ബഡ്ജറ്റ് വിഹിതത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട് കേന്ദ്രവിഹിതം ഉൾപ്പെടെ 2011-2012 ൽ പദ്ധതിയിനത്തിൽ 90,05,01,000/- രൂപയായിരുന്നത്2012-2013 ൽ 104,70,00000/- രൂപയായും, 2013-2014 ൽ 116,37,00,000/- രൂപയായും, 2014-2015 ൽ 121,93,90,000/- രൂപയായും വർദ്ധിപ്പിച്ചു. |
| (സി) എത്ര ശതമാനം വർദ്ധനവാണ് ഓരോ സാമ്പത്തിക വർഷത്തിലും വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ 2011-2012 നേക്കാൾ 16.27% വർദ്ധനവ് 2012-2013 ലും, 2012-2013 നേക്കാൾ 11.46% വർദ്ധനവ് 2013-2014 ലും, മുൻ വർഷത്തേക്കാൾ (2013-2014) 4.7856% വർദ്ധനവ് നടപ്പുസാമ്പത്തിക വർഷവും (2014-2015) ഉണ്ടായിട്ടു ണ്ട് |
| (ഡി) ഇത് മൂലം കയർ മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട് വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പ്രസ്തുത നടപടികൾ മൂലം കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കാനും അതുവഴി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും സാഹചര്യമൊരുങ്ങി. ചില പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കയർ മേഖലയിൽ കൂലി വർദ്ധനവ് നടപ്പിലാക്കിയതുമൂലം ഈ മേഖലയിൽ ഉ ണ്ടായിരുന്ന തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. കൂലി വർദ്ധനവ് നടപ്പിലാക്കിയതിനാൽ കൂടുതൽ തൊഴിലാളികൾ തൊഴിൽ സന്നദ്ധരായി കയർ മേഖലയിലേക്ക് വരുന്ന സാഹചര്യം ഉ ണ്ടായി. കയർ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ഉണ്ടാക്കുവാനും ഇതുമൂലം കഴിഞ്ഞിട്ടു ണ്ട്<br>2. പുനരുദ്ധാരണ പദ്ധതി പ്രകാരം കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകിയതുമൂലം കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പ്രസ്തുത പദ്ധതി പ്രകാരം 2011-12 ൽ 388 സംഘങ്ങൾക്കും, 2012-13 ൽ 440 സംഘങ്ങൾക്കും, 2013-14 ൽ 78 സംഘങ്ങൾക്കും പ്രവർത്തനമൂലധനം ലഭിച്ചിട്ടു ണ്ട്<br>3. ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി നൽകിയത് മേഖലയിലെ പ്രതിസന്ധി വലിയൊരളവുവരെ പരിഹരിക്കുന്നതിനും സാധിച്ചു. കയർഫെഡ് നവംബർ 2013 മുതൽ 2014 മെയ് 23 വരെ 12,04,81,802/- |

| | |
|---|---|
| | രൂപ വിലവരുന്ന 43710.82 ക്വിന്റലും, 06.08.2014 മുതൽ 05.09.2014 വരെ 4,35,56,658/- രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. ഇതുമൂലം ചകിരി ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു.<br><br>4. ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.<br><br>5. കയർ സംഭരണത്തിനായി 2012-2013, 2013-2014 വർഷങ്ങളിൽ കയർഫെഡിന് പ്രവർത്തന മൂലധനമായി 5 കോടി രൂപ വീതം അനുവദിച്ചതുകാരണം കൂടുതൽ കയർ സംഭരിച്ചിട്ടു ണ്ട്<br><br>6. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.<br><br>7. ക്രയവില സ്ഥിരതാ പദ്ധതി പ്രകാരമുള്ള (PPSS) സെയിൽസ് ടേൺ ഓവർ 2011 -12, 2012-13, 2013-14 വർഷങ്ങളിൽ യഥാക്രമം 5093.82 ലക്ഷം രൂപയും 5996.17 ലക്ഷം രൂപയും, 8749.98 ലക്ഷം രൂപയായും വർദ്ധിച്ചു.<br><br>8. ഇൻകം സപ്പോർട്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നു.<br><br>9. കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.<br><br>10. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.<br><br>11. കയർ പൊതുമേഖലാ സ്ഥാപനങ്ങളേയും കയർഫെഡിനേയും, കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും അടിസ്ഥാനസൗകര്യം കൂടുതൽ ശക്തമാക്കി പ്രവർത്തനം ഊർജ്ജസ്വലമാക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ